കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സിഡിഎസ് ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് - എസ്.സി./എസ്.റ്റി പ്രാതിനിധ്യം - ഭേദഗതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ) നം. 7/2018/തസ്വഭവ.** **തിരുവനന്തപുരം,തീയതി 23 /01/2018**

പരാമർശം:- 1. 27.12.2011 ലെ സ.ഉ.(പി) നം. 324/11/തസ്വഭവ ഉത്തരവ്

2.. 28.12.2017 ലെ സ.ഉ.(കൈ)നം.260/2017/തസ്വഭവ ഉത്തരവ്

3. 6-1.-2018, 9-1-2018 തീയതികളിലെ 3737/എം/17/കെ.എസ്.എച്ച്.ഒ. നം. തീയതികളിലെ കത്തുകൾ

**ഉത്തരവ്**

കുടുംബശ്രീ സിഡിഎസ് ത്രിതല സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എസ്.സി./എസ്.ടി. പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ എസ്.ടി. നഗരസഭാ സിഡിഎസ്സായി അംഗീകരിച്ചിരുന്ന നിലമ്പൂർ നഗരസഭാ സിഡിഎസ്സിനെ പ്രസ്തുത സ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്നും എസ്.ടി. സംവരണ സിഡിഎസ്സായിരുന്ന മീനങ്ങാടി സിഡിഎസ്സിനെ എസ്.സി. സംവരണ സിഡിഎസ്സിൽനിന്നും ഒഴിവാക്കി പട്ടികവർഗ്ഗ സിഡിഎസ് ചെയർപേഴ്സൺ സംവരണ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സിഡിഎസിനെ പരാമർശം (2) പ്രകാരമുള്ള റിസർവേഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കി കൊണ്ടോട്ടി - 2 സിഡിഎസിനെ എസ്.സി. നഗര സിഡിഎസ് സംവരണ ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവാകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലമ്പൂർ നഗരസഭാ സിഡിഎസ്സിനെ പരാമർശം (2) സർക്കാർ ഉത്തരവിലെ എസ്.ടി. നഗരസഭാ സിഡിഎസ് സ്ഥാനത്തുനിന്നും നീക്കം ചെയ്തുകൊണ്ടും, മീനങ്ങാടി സിഡിഎസ്സിനെ എസ്.സി. സംവരണ സിഡിഎസ്സിൽ നിന്നും ഒഴിവാക്കി പട്ടികവർഗ്ഗ സിഡിഎസ്സ് ചെയർപേഴ്സൺ സംവരണ ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ടും ,കൊണ്ടോട്ടി-2 സിഡിഎസ്സിനെ എസ്.സി നഗര സിഡിഎസ്സ് സംവരണ ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ടും പരാമർശം (2)ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പരാമർശം (2 )ലെ സർക്കാർ ഉത്തരവ് മേല്പറഞ്ഞ പ്രകാരമുള്ള ഭേദഗതിയോടെ നിലനിൽക്കുന്നു .

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ലീന എൻ.പി.**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്
വെബ്&ന്യൂ മീഡിയ, ഐ,&പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**പകർപ്പ് : ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്**
**തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസിന്**